**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 202 28-05-2019- ൽ മറുപടിയ്ക്ക്

## താനൂർ തീരദേശ മേഖലയിലെ ആക്രമണങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) താനൂർ തീരദേശ മേഖലയിൽ വർഷങ്ങളായി ഉണ്ടാകുന്ന ആക്രമണങ്ങളിൽ പ്രതിയായവർക്ക് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | താനൂർ തീരദേശ മേഖലയിൽ വർഷങ്ങളായി ഉണ്ടാകുന്ന അക്രമ സംഭവങ്ങളെ തുടർന്ന് 2016 മുതൽ 150 ഓളം രാഷ്ട്രീയ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് അന്വേഷിക്കുന്നതിനായി ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ഇൻവെസ്റ്റിഗേഷൻ ടീം, രൂപീകരിച്ച് നിഷ്പക്ഷമായും കുറ്റമറ്റതുമായ അന്വേഷണം നടത്തി പ്രതികളെ കണ്ടുപിടിച്ച് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും 650 ഓളം പ്രതികളുടെ പേരിൽ കുറ്റപത്രം സമർപ്പി-ച്ചിട്ടുള്ളതുമാണ്. നിരന്തരം അക്രമ പ്രവർത്തന-ങ്ങളിൽ ഏർപ്പെടുന്ന പ്രതികൾക്കെതിരെ CRPC 107 പ്രകാരം റിപ്പോർട്ട് തയ്യാറാക്കി സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി-യിട്ടുള്ളതും 50 പ്രതികളുടെ പേരിൽ റൗഡി ഹിസ്റ്ററി ഷീറ്റ് തുടങ്ങിയിട്ടുള്ളതുമാണ്. |
| (ബി) തുടർച്ചയായി ഉണ്ടാകുന്ന ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് അന്വേഷണം ലോക്കൽ പോലീസിൽ നിന്ന് മാറ്റി മറ്റേതെങ്കിലും ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | താനൂർ പോലീസ് സ്റ്റേഷൻ ക്രൈം. നം. 405/17, 190/18, 63/18, 84/19 എന്നീ കേസുകളുടെ അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറി-യിട്ടുണ്ട്. |
| (സി) ആക്രമണങ്ങൾ അമർച്ച ചെയ്യുന്നതിന് വീഴ്ച വരുത്തുന്ന പോലീസുകാർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പോലീസ് ഈ കാര്യത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**